**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4087** **09-08-2021 - ൽ മറുപടിയ്ക്ക്**

**കല്ലാച്ചേരി കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ എടച്ചേരിയേയും കൂത്തുപറമ്പ് മണ്ഡലത്തിലെ കടവത്തൂരിനേയും ബന്ധിപ്പിക്കുന്ന കല്ലാച്ചേരി കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ? | (എ) | കല്ലാച്ചേരിക്കടവ് പാലം നിർമ്മാണത്തിനായി 10 കോടി രൂപയ്ക്ക് തത്വത്തിലുള്ള ഭരണാനുമതിയും തുടർന്ന് കിഫ്ബിയിൽ നിന്നും 10.14 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് പാലം നിർമ്മാണത്തിന് അനുബന്ധ റോഡിന്റെ കോഴിക്കോട് ജില്ലയുടെ ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. എന്നാൽ കണ്ണൂർ ഭാഗത്ത് സ്ഥലമുടമകളുടെ എതിർപ്പ് കാരണം സ്ഥലമേറ്റെടുപ്പ് തുടങ്ങുവാൻ സാധിച്ചിട്ടില്ല. ഭൂമി ലഭ്യമാകാത്തത് സാങ്കേതികാനുമതിക്കും തുടർന്നുള്ള ടെൻഡർ നടപടികളിലും കാലതാമസം നേരിടുന്നതിന് കാരണമാകുന്നുണ്ട്. സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ